# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5938** **04.07.2019 ൽ മറുപടിക്ക്**

**ശബരിമലയിലെ പൊതുമരാമത്ത് വകുപ്പിന്റെ കെട്ടിടം**

**ചോദ്യം**

**ശ്രീ.രാജു എബ്രഹാം**

**മറുപടി**

**ശ്രീ.ജി.സുധാകരൻ**
**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)**

(എ) പൊതുമരാമത്ത് വകുപ്പിന്റെ ഉടമസ്ഥതയിൽ ശബരിമലയിൽ ഉള്ള കെട്ടിടത്തിന്റെ ഉടമസ്ഥത സംബന്ധിച്ച് എന്തെങ്കിലും തർക്കങ്ങളോ കോടതി വ്യവഹാരങ്ങളോ ഉണ്ടായിട്ടുണ്ടോ; നിലവിൽ ഇതിന്റെ അവസ്ഥ എന്താണ്; വിശദാംശങ്ങൾ സഹിതം വ്യക്തമാക്കാമോ;

(എ) ശബരിമലയിൽ അനധികൃതമായി പൊതുമരാമത്ത് വകുപ്പിന്റെ സ്ഥലം കൈയ്യേറി നിർമ്മാണം നടത്തിയ എഞ്ചിനീയേഴ്സ് പിൽഗ്രിം സെന്റർ, കൈയ്യേറ്റം ഒഴിപ്പിക്കുന്നതിനെതിരെ ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതി മുമ്പാകെ WP(C)35830/2016 നമ്പരായി കേസ് ഫയൽ ചെയ്തിട്ടുണ്ട്.

ടി അനധികൃത നിർമ്മാണം പൊളിച്ച് മാറ്റുന്നതിനായി 18/09/2015 ന് എഞ്ചിനീയേഴ്സ് പിൽഗ്രിം ഷെൽട്ടർ കമ്മിറ്റിക്ക് നോട്ടീസ് നൽകിയിരുന്നു. ശബരിമല സന്നിധാനത്തുള്ള പി.ഡബ്ല്യു.ഡി ക്യാമ്പ് ഷെഡ്ഡിന്റെ ഭൂരിഭാഗം സ്ഥലവും എഞ്ചിനീയേഴ്സ് പിൽഗ്രിം ഷെൽട്ടർ എന്ന പേരിൽ ഒരു കൂട്ടം ആളുകൾ നിരവധി വർഷങ്ങളായി അനധികൃതമായി കൈവശം വെച്ച് വരികയാണ്. 1968-69 കാലഘട്ടത്തിൽ, ശബരിമലയിൽ എഞ്ചിനീയേഴ്സ് പിൽഗ്രിം ഷെൽട്ടർ നിർമ്മിച്ചെന്നും, ടി സ്ഥലം ദേവസ്വം ബോർഡ്, കേരള സർക്കാർ ഉത്തരവുകൾ പ്രകാരം അനുവദിച്ചതാണെന്നുമുള്ള അവകാശ വാദത്തിലാണ് സ്ഥലം അനധികൃതമായി എഞ്ചിനീയേഴ്സ് പിൽഗ്രിം ഷെൽട്ടർ കമ്മിറ്റി കൈവശപ്പെടുത്തിയത്. പ്രസ്തുത സ്ഥലം പെരിയാർ ടൈഗർ റിസർവ്വിന്റെ പരിധിയിലായതിനാൽ സ്ഥലം

അതിർത്തി നിർണ്ണയിച്ചു നൽകാൻ റിസർവ്വ് അധികൃതരോട് ആവശ്യപ്പെടുകയും, ഫോറസ്റ്റിൽ നിന്നും ദേവസ്വം ബോർഡിന് കൈമാറിയിട്ടുള്ള 50 ഏക്കർ സ്ഥലത്തിനുള്ളിലായതു കൊണ്ട് ഡീമാർക്കേറ്റ് ചെയ്യാൻ കഴിയില്ലെന്ന് അറിയിക്കുകയുണ്ടായി. 26.11.2015-ൽ സ്ഥലത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് ദേവസ്വം ബോർഡ് സെക്രട്ടറിക്ക് കത്തു നൽകുകയും, രേഖകൾ ലഭിക്കാത്തതിനെ തുടർന്ന് ദേവസ്വം ബോർഡിന്റെ തിരുവനന്തപുരത്തുള്ള ഓഫീസിൽ നേരിട്ട് അന്വേഷിക്കുകയും ചെയ്തു എങ്കിലും ആവശ്യമായ രേഖകൾ ലഭിച്ചിട്ടില്ല. പത്തനംതിട്ട ജില്ലാ വികസന സമിതിയുടെ തീരുമാനപ്രകാരം 18/06/2016 ൽ റവന്യൂ പൊതുമരാമത്ത് ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിച്ച വേളയിൽ ദേവസ്വം ബോർഡിൽ നിന്നും ആരും പങ്കെടുത്തില്ല.

08/09/2016 ൽ സൂപ്രണ്ടിംഗ് എഞ്ചിനീയർ സ്ഥലം സന്ദർശിക്കുകയും കൈയ്യേറ്റം ഒഴിയുന്നതിന് എഞ്ചിനീയേഴ്സ് പിൽഗ്രിം ഷെൽട്ടർ കമ്മിറ്റിക്ക് വീണ്ടും നോട്ടീസ് നൽകുകയും ചെയ്തു. എഞ്ചിനീയേഴ്സ് പിൽഗ്രിം ഷെൽട്ടറിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്ന ഒറിജിനൽ രേഖകൾ ഹാജരാക്കാത്തതുമൂലം സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ 29/10/2016 ലെ ഉത്തരവു പ്രകാരം 31/10/2016-ൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നേതൃത്വത്തിൽ കൈയ്യേറ്റഭാഗം പൂട്ടിട്ട് സീൽ ചെയ്തിരുന്നു. എന്നാൽ 13/11/2016 ൽ എതിർ കക്ഷികൾ പ്രസ്തുത പൂട്ട് പൊളിക്കുകയും തുടർന്ന് പമ്പ പോലീസ് സർക്കിൾ ഇൻസ്പെക്ടർക്ക് പരാതി നൽകുകയും ക്രൈം നമ്പർ 334/16 പ്രകാരം കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തു. തുടർന്ന് എഞ്ചിനീയേഴ്സ് പിൽഗ്രിം ഷെൽട്ടർ കമ്മിറ്റിക്കു വേണ്ടി അതിന്റെ

സെക്രട്ടറിയായ ശ്രീ.അരവിന്ദാക്ഷൻ. എ.കെ.യും കൂട്ടാളികളും WP(C) 35830/2016 പ്രകാരം ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ കെട്ടിടം ഒഴിപ്പിച്ചതിനെതിരെ പെറ്റീഷൻ ഫയൽ ചെയ്തു.

30/11/2016 ലെ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവു പ്രകാരം പരാതിക്കാരനും കൈയ്യേറ്റക്കാരിൽ ഒരാളുമായ ശ്രീ.എ.കെ അരവിന്ദാക്ഷൻ എന്ന റിട്ടയേർഡ് പി.ഡബ്ല്യ.ഡി എഞ്ചിനീയറെ എഞ്ചിനീയേഴ്സ് പിൽഗ്രിം ഷെൽട്ടർ പ്രവർത്തിച്ചുകൊണ്ടിരുന്ന കെട്ടിട ഭാഗത്തിന്റെ റിസീവറായി നിയമിക്കുകയുണ്ടായി. ടിയാൻ വരവ് ചെലവ് കണക്കുകൾ 31/12/2016 ന്ന മുമ്പായി ബഹുമാനപ്പെട്ട ഹൈക്കോടതിയെ അറിയിക്കണമെന്നും ഉത്തരവായി.

(ബി) ഹൈക്കോടതിയിൽ മുൻ പൊതുമരാമത്ത് ഉദ്യോഗസ്ഥർ നൽകിയ ഹർജിയിൽ പൊതുമരാമത്ത് വകുപ്പിനുവേണ്ടി ഹാജരായത് ഏത് വക്കീലാണ്;

(ബി) കേസിൽ വകുപ്പിനുവേണ്ടി ഹാജരാകുന്നത് കെ.വി.മനോജ്കുമാർ എന്ന സീനിയർ ഗവൺമെന്റ് പ്ലീഡർ ആണ്. മുൻ പ്ലീഡറായിരുന്ന വക്കീൽ വിശ്വസ്തതയോടെ ജോലി ചെയ്തതായി കണ്ടിരുന്നില്ല. ആദ്ദേഹത്തിന്റെ കാലത്താണ് അനർഹനായ അരവിന്ദാക്ഷൻ എന്നയാൾ കോടതി വിധിയിലൂടെ റിസീവർ ആയി സ്ഥാനം ഏറ്റത്. ദേവസ്വം വകുപ്പിന്റെ സമീപനം സർക്കാരിനെ സഹായിക്കുന്നതല്ല. സർക്കാരിന്റെ സ്ഥലവും കെട്ടിടവും ഒരുകൂട്ടം അനർഹർ കയ്യേറി സർക്കാർ വക കെട്ടിടം വാടകയ്ക്ക് നൽകി പണം ഉണ്ടാക്കി യഥേഷ്ടം ഉപയോഗിക്കുന്ന ദുസ്ഥിതിയിൽ ദേവസ്വം ഉദ്യോഗസ്ഥർക്കും യാതൊരു മനോവിഷമവും കാണുന്നില്ല. എന്നാൽ സർക്കാർ പ്ലീഡർ തെറ്റായി പെരുമാറി നഷ്ടം ഉണ്ടാക്കിയെങ്കിലും നല്ല പ്ലീഡറെ വച്ച് PWD ബഹു.ഹൈക്കോടതിയിൽ കേസു നടത്തി വരികയാണ്. വൈക്കം, മൂന്നാർ, കുറ്റാലം റസ്റ്റ് ഹൗസുകൾ ഈ

സർക്കാർ വന്ന ശേഷം സ്വകാര്യ വ്യക്തികളിൽ നിന്നും വീണ്ടെടുത്തു.

(സി) ഏത് സാഹചര്യത്തിലാണ് പി.ഡബ്ല്യു.ഡി.യുടെ ഒഴിപ്പിക്കൽ നടപടിക്ക് ഹൈക്കോടതി സ്റ്റേ ഓർഡർ നൽകിയത്; സ്റ്റേ വെക്കേറ്റ് ചെയ്യാൻ സ്വീകരിച്ച നടപടി എന്തൊക്കെ എന്ന് വ്യക്തമാക്കാമോ;

(സി) സ്റ്റേ വെക്കേറ്റ് ചെയ്യുന്നതിനായി കേസിൽ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം സൂപ്രണ്ടിംഗ് എഞ്ചിനീയർ വിശദമായ കൗണ്ടർ അഫിഡവിറ്റ് ഫയൽ ചെയ്തു.

പ്രസ്തുത കേസിന്റെ വാദം ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നടന്നതിൽ, മണ്ഡല-മകരവിളക്ക് സീസൺ തുടങ്ങിക്കഴിഞ്ഞതിനാലും, പരാതിക്കാർക്ക്, അനന്തര ഉത്തരവുകൾക്ക് വിധേയമായി ഉടമസ്ഥാവകാശം താൽക്കാലികമായി തിരികെ നൽകുന്നതിനാണ് ബഹുമാനപ്പെട്ട ഹൈക്കോടതി താൽക്കാലിക ഉത്തരവിൽ പറഞ്ഞിരിക്കുന്നത്.

കേസ് ഹൈക്കോടതിയിൽ പെൻഡിംഗിലാണ്. സ്റ്റേ വെക്കേറ്റ് ചെയ്തിട്ടില്ല.

(ഡി) ഈ കേസ് കോടതി പിന്നീട് എത്ര പ്രാവശ്യം പരിഗണിച്ചു; എന്ത് വിധിയാണ് നൽകിയത്; അന്തിമ വിധി ആയിട്ടില്ലെങ്കിൽ എന്ത് തുടർനടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) കേസ് അവസാനമായി ബഹുമാനപ്പെട്ട ഹൈക്കോടതി പരിഗണിച്ചത് 14/08/2017 നാണ്. അന്തിമ വിധിയായിട്ടില്ല.

(ഇ) സർക്കാർ ഭാഗം വ്യക്തമായി കോടതിയിൽ അവതരിപ്പിക്കാൻ വക്കീലിന് കഴിഞ്ഞില്ല എന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഈ ഉദ്യോഗസ്ഥനെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

(ഇ) ദേവസ്വം ബോർഡിൽ നിന്നും വിവരങ്ങൾ ലഭ്യമാക്കാത്തതിനാൽ വിശദമായ കൗണ്ടർ ഫയൽ ചെയ്യാൻ കഴിഞ്ഞിട്ടില്ല. ഇപ്പോൾ സ്വന്തം നിലയ്ക്ക് കൗണ്ടർ ഫയൽ ചെയ്യാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. മുമ്പ് ദേവസ്വം ബോർഡിനും സർക്കാരിനും വേണ്ടി ഒരു വക്കീലാണ് ഹാജരായിരുന്നത്.

**സെക്ഷൻ ഓഫീസർ**